**റൂളിംഗ്**

<u>ധനാഭ്യർത്ഥനയുടെ പേര് മാറ്റിയത് സംബന്ധിച്ച്</u>

<u>മി. ചെയർമാൻ</u>: ധനാഭ്യർത്ഥനയുടെ പേര് മാറ്റിയത് ബഡ്ജറ്റ് ഡോക്യുമെന്റിൽ ഉൾപ്പെടുത്താത്തതു സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം നൽകിയിട്ടുണ്ട്. ചെയർ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ഉൾപ്പെടെ വിശദമായി പരിശോധിക്കുകയുണ്ടായി. സാധാരണഗതിയിൽ ധനാഭ്യർത്ഥനയുടെ പേരിൽ മാറ്റം വരുത്തുമ്പോൾ നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും അക്കൗണ്ടന്റ് ജനറലിന്റെയും മുൻകൂർ അനുമതി തേടാറുണ്ട്. ഇവിടെ പരാമർശിക്കപ്പെട്ട ധനാഭ്യർത്ഥനകളുടെ പേര് മാറ്റിയതുമായി ബന്ധപ്പെട്ട കാര്യത്തിൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കാര്യം പ്രസ്തുത ബഡ്ജറ്റ് ഡോക്യുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ക്രമപ്രശ്നത്തിലൂടെ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് മുൻകാലങ്ങളിൽ പാലിച്ചുപോന്നിട്ടുള്ള കീഴ്‌വഴക്കങ്ങളും ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ പരാമർശിക്കപ്പെട്ടപ്രകാരം ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന വിശദാംശങ്ങളടങ്ങുന്ന ബുക്കിന്റെ ആമുഖത്തിൽ മുൻകാലങ്ങളിലെന്നപോലെ ഇക്കാര്യംകൂടി പരാമർശിച്ചിരുന്നുവെങ്കിൽ നടപടി നന്നായിരുന്നു എന്നുപറയുന്നത് ശരിയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നിയമസഭയുടെ കാര്യത്തിൽ കീഴ്വഴക്കത്തിനും പ്രാധാന്യമുണ്ട്. കീഴ്വഴക്കം അനുസരിച്ചുള്ള ഇത്തരം നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.